# നക്ഷത്രങ്ങളോട് വർത്തമാനം പറഞ്ഞ ഒരാൾ

**സമീർ**

നക്ഷത്രങ്ങൾ കണ്ണിറുക്കിക്കാണിക്കുന്നുവെന്നും കൈകാട്ടി വിളിക്കുന്നുവെന്നും കവികൾ പാടുമ്പോൾ നമുക്ക് ഭാവനാത്മകമായ കാവ്യാലങ്കാരങ്ങൾ മാത്രം. എന്നാൽ, ഇവിടെയിതാ അക്ഷരാർഥത്തിൽ നക്ഷത്രജാലത്തോട് വർത്തമാനം പറഞ്ഞും സല്ലപിച്ചും ഒരാൾ–

വി.വി. അബ്ദുല്ല

ഈ വൃദ്ധൻ അര നൂറ്റാണ്ടുകാലമായി നഗ്നനേത്രങ്ങൾകൊണ്ട് നക്ഷത്രമെണ്ണുകയാണ്. താരമനോഹരലിപിയാൽ പ്രകൃതി എഴുതിയ കവിത വായിക്കുകയാണ്.

ഇരുപത്തിമൂന്നാം വയസ്സിൽ, ഡിഗ്രി കോഴ്സിന് പഠിക്കുമ്പോൾ രാശിചക്ര സംബന്ധിയായ ഒരു അറബി ലഘുലേഖ -ഖുർറാസ് -കൈയിൽ കിട്ടിയതോടെയാണ് അബ്ദുല്ലയിൽ നക്ഷത്രപഠനം ഒരു ഭ്രമമായി വളർന്നു തുടങ്ങിയത്. പിതാവ് ബിരാവു മുസ്ലിയാർ അൽപസ്വൽപമൊക്കെ അസ്മാഅ്ൻെറ (മന്ത്രവാദം) പണികളൊക്കെ ചെയ്യുന്നയാളായിരുന്നു. അദ്ദേഹത്തിന് ഏതോ സ്നേഹിതൻ കൊടുത്തതായിരുന്നു ആ രാശിചക്രം. തനിക്ക് പഠിക്കാനുണ്ടായിരുന്ന പാഠപുസ്തകത്തിൽ ഇംഗ്ലീഷിൽ അച്ചടിച്ചിരുന്ന രാശി ചക്രവുമായി അത് അബ്ദുല്ല ഒത്തുനോക്കി. കറക്ട്. രണ്ടും ഒന്നുതന്നെ.

അന്ന് തുടങ്ങിയ താരപഠനം അതേ താൽപര്യത്തോടെ എഴുപത്തിയാറാം വയസ്സിലും തുടരുകയാണത്രെ. ഇംഗ്ലീഷ്-അറബി-മലയാളം -ഭാഷകളിലെ സാങ്കേതിക പദങ്ങൾ സമന്വയിപ്പിച്ച് 'വിസ്തൃത ഗോളശാസ്ത്രം' അഥവാ 'ഇൽമുൽ ഹയാത്ത്' എന്ന ബൃഹദ് ഗ്രന്ഥം രചിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്, നഗ്നനേത്രങ്ങൾകൊണ്ട് താരവായനയിലെടുത്ത വിജ്ഞാനവും ഗണിതശാസ്ത്ര പാണ്ഡിത്യവും കൊണ്ടാണ്. ഇന്നുവരേ ഒരു ദൂരദർശിനി പോലും ഈ പഠനത്തിൽ അദ്ദേഹത്തിൻെറ സഹായത്തിനെത്തിയില്ല. ഒരു നക്ഷത്ര നിരീക്ഷണാലയത്തിൻെറ പടിപോലും കയറിയിട്ടുമില്ല. ഇതൊക്കെ പറഞ്ഞ് കൊടുക്കാൻ ഗോളശാസ്ത്രപണ്ഡിതനായ ഒരു ഗുരു ഉണ്ടായിട്ടുമില്ല.

തുറന്ന ആകാശത്തിനു കീഴിൽ പാടവരമ്പത്തുകൂടി നക്ഷത്രങ്ങളെ നോക്കി നടക്കലാണ് അബ്ദുല്ലയുടെ ഇഷ്ടവിനോദം. അങ്ങനെ നിരന്തരം നിരീക്ഷിച്ച് ഇരുപത്തെട്ട് നക്ഷത്രങ്ങളും പന്ത്രണ്ട് രാശികളും തിരിച്ചറിയുകയായിരുന്നു.


താരസമൂഹത്തിലേക്ക് നോക്കി അതിലെ സിംഹത്തെ തിരിച്ചറിയുമ്പോൾ ഉണ്ടാകുന്ന ആഹ്ലാദം പറഞ്ഞറിയിക്കാനാവില്ല. മക്കളെയോ പേരക്കിടാങ്ങളേയോ വിളിച്ചു കാണിക്കും....

'നോക്കൂ..... കിഴക്ക് വാലും തെക്ക് കാലുമായി നിൽക്കുന്ന ഒരു സിംഹത്തെ പോലെ തന്നെയില്ലേ? അതാണ് നമ്മുടെ ചിങ്ങം. യൂറോപ്യൻെറ ലയൺ. അറബികളുടെ ബുർജുൽ അസദ്. മനസ്സിലായോ?'

-കേൾക്കുന്നവർ അന്തംവിട്ട് നിന്നുപോകും.

1944-ൽ അക്കൗണ്ട് ജനറൽ ഓഫീസിൽ ഉദ്യോഗസ്ഥനായി മദിരാശിയിലേക്ക് വണ്ടി കയറിയതോടെ ആരംഭിച്ച ഔദ്യോഗിക ജീവിതം സെൻട്രൽ എക്സൈസിൽ സൂപ്രണ്ടായി 1978-ൽ വിരമിക്കുന്നതു വരേ നീണ്ടുനിന്നു. ഇക്കാലയളവിൽ മംഗലാപുരം, നീലേശ്വരം, പയ്യന്നൂർ, കൊച്ചി -തുടങ്ങി പലേടത്തും ജോലി ചെയ്തു. നിരന്തരമായി യാത്ര ചെയ്തു. അവിടെനിന്നൊക്കെ ജ്യോതിശാസ്ത്ര സംബന്ധമായി കിട്ടാവുന്ന അപൂർവ ഗ്രന്ഥങ്ങൾ, അറബിയിലായാലും ഇംഗ്ലീഷിലായാലും സംസ്കൃതത്തി

ശേഷം പേജ് III



വി.വി. അബ്ദുല്ല

വാരാദ്യമാധ്യമം 1996 Nov. 3

# നക്ഷത്രങ്ങളോട് വർത്തമാനം...

1-ൽനിന്ന് തുടർച്ച

മായാലും സമ്പാദിച്ച് അവ പഠിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

കേരളത്തിലെ ഹിന്ദുക്കൾ ചെറുപ്പത്തിലേ ജ്യോതിഷവും ഗോളശാസ്ത്രവുമൊക്കെ പരിചയിച്ചു തുടങ്ങുന്നു. അവരുടെ അധ്യയന ക്രമത്തിന്റെ ഭാഗമാണത്. ഏതിനും നാളും മുഹൂർത്തവും നോക്കണം. ജാതകമെഴുത്തും രാശിനോട്ടവുമൊക്കെ അവരുടെ സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു. എന്നാൽ, തന്റെ സമുദായം ഈ രംഗത്തേക്ക് എത്തിനോക്കുക പോലും ചെയ്യാത്തതിൽ അബ്ദുല്ലക്ക് വേദന തോന്നി. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഗോളശാസ്ത്ര പഠനം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഖിബ്ലയും നമസ്കാരവും മാസപ്പിറവിയുമെല്ലാം ഈ ശാസ്ത്രമറിഞ്ഞാലേ ശരിക്ക് നിർണയിക്കാനാവൂ.

അതേസമയം, ജ്യോതിശാസ്ത്ര പഠനത്തിൽ വിലപ്പെട്ട ഒരു പൈതൃകം മുസ്ലിംകൾക്കുണ്ടെന്ന് ഇദ്ദേഹം ഓർമിപ്പിക്കുന്നു. 'അൽമാജസ്

**ഭാരതീയ ജ്യോതിശാസ്ത്രത്തെക്കുറിച്ച് പഠിക്കാനായി എഴുപത്താറാം വയസ്സിൽ സംസ്കൃതവും പഠിച്ചു.**

തി' എന്ന അറബി ഗ്രന്ഥം പാശ്ചാത്യ രാജ്യങ്ങളിൽ കിട്ടിയില്ലായിരുന്നെങ്കിൽ യൂറോപ്പിൽ ഈ ശാസ്ത്രശാഖ ഇന്ന് കാണുന്ന വളർച്ച പ്രാപിക്കുകയില്ലായിരുന്നുവെന്ന് അദ്ദേഹംപറഞ്ഞു. എട്ടൊമ്പത് നൂറ്റാണ്ടുകളോളം ശാസ്ത്രലോകത്തെ (ഏഴ് മുതൽ 15 വരെയുള്ള ശതകങ്ങൾ) ചക്രവർത്തിമാരായിരുന്നു അറബികൾ. പാശ്ചാത്യർ യൂക്ലിഡിന്റെ ഒന്നാം പുസ്തകത്തിലെ അഞ്ച് സിദ്ധാന്തങ്ങളെക്കുറിച്ചറിയാൻ തല പുണ്ണാക്കുമ്പോൾ മുസ്ലിം ശാസ്ത്രലോകം കൊർഡോവയിലും മറ്റും ഗോള ത്രികോണമിതിയും സംഖ്യാ ശാസ്ത്രവും ആവിഷ്കരിക്കുകയായിരുന്നു. പൂജ്യം കണ്ടുപിടിച്ച മുഹമ്മദ്ബ്നു മൂസയെയും ആൽജിബ്രയുടെ ജനയിതാവായ അൽഖ്വാരിസ്മിയെയും നക്ഷത്രങ്ങളുടെ ചലന, സ്വഭാവങ്ങളെക്കുറിച്ച് പഠനം നടത്തിയ അൽ-ഗസ്സാലിയെയും ഓർക്കാതെ ഗണിത-ഗോളശാസ്ത്രങ്ങളുടെ ചരിത്രമെഴുതാനാവില്ല. ലോകത്തിൽ ആദ്യമായി ഒരു നക്ഷത്ര നിരീക്ഷണാലയം ഉയരുന്നത് മുസ്ലിം സ്പെയിനിലാണ് -മുസ്ലിം സംഭാവനകളെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം വാചാലനായി.

ഇത്ര വിപുലമായ ശാസ്ത്രപശ്ചാത്തലമുള്ള ഒരു സമുദായമാണ് മാസപ്പിറവിയെക്കുറിച്ച് തർക്കിച്ച് തമ്മിലടിക്കുന്നത് -അബ്ദുല്ല പ്രകടമായ ദുഃഖത്തോടെ ചൂണ്ടിക്കാട്ടി.

പശ്ചിമാകാശത്തിൽ നവ ചന്ദ്രനെ തെരഞ്ഞ് സമുദ്രതീരത്തും കുന്നിൻ മുകളിലും അലയുന്ന സാധാരണക്കാരൻ തെക്കുവടക്ക് നടക്കുമ്പോഴേക്ക് ചന്ദ്രൻ താഴോട്ടു നീങ്ങിയിരിക്കും. ഗോള ശാസ്ത്ര പരിചയമുള്ള ചിലർ എല്ലായിടത്തും ഉള്ളത് മാസപ്പിറവി കണ്ടുപിടിക്കാൻ സഹായകമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെയുള്ളവർ ആകാശം മനപ്പാഠമാക്കിയിരിക്കും എന്ന് പറയുമ്പോൾ അത് അസാധ്യമായ കാര്യമായി കാണേണ്ടതില്ല. നീണ്ട ചക്രവാളത്തിൽ ഏത് ഭാഗത്താണ് നിശ്ചിത ദിവസം നവചന്ദ്രൻ പ്രത്യക്ഷപ്പെടുകയെന്ന് ഇങ്ങനെയുള്ളവർക്ക് മുൻകൂട്ടി കാണാൻ കഴിയും. ഇതുപോലെ ഖിബ്ല നിർണയിക്കാനും ഉദയാസ്തമയ സമയങ്ങൾ ഗണിക്കാനുമൊക്കെ സാധിക്കും. നക്ഷത്രപഠനവും ക്ഷിപ്രസാധ്യമാണ്.

വാനശാസ്ത്രത്തെക്കുറിച്ച് ശ്രദ്ധാപൂർവം കേട്ടിരിക്കാൻ ആളുണ്ടെങ്കിൽ എത്രനേരം സംസാരിച്ചിരിക്കുവാനും ഇദ്ദേഹത്തിന് സന്തോഷമേയുള്ളൂ. പിന്നെ സമയം പോകുന്നതറിയില്ല. ഇപ്പോൾ അങ്ങനെയാരെയും കിട്ടാനില്ലെന്നതിലാണ് ഖേദം. ആധുനിക ജ്യോതിശാസ്ത്രത്തിന്റെ ടേർമിനോളജിയോ, മെത്തഡോളജിയോ ചിലപ്പോൾ അദ്ദേഹത്തിന്റെ വിവരണങ്ങളിൽ കാണാൻ കഴിഞ്ഞെന്നുവരില്ല. സ്റ്റീഫൻ ഹോക്കിംഗ്സനെയോ കാൾ സാഗനെയോ, ഡോ. ചന്ദ്രശേഖറെയോ ആധുനികമായ കണ്ടുപിടിത്തങ്ങളെയോക്കുറിച്ചൊന്നും അദ്ദേഹം സംസാരിച്ചെന്നുവരില്ല. അക്കാദമിക് രീതിക്കുമപ്പുറത്ത്, നിരന്തരമായ നിരീക്ഷണങ്ങളിലൂടെയും സ്വന്തമായ പഠനങ്ങളിലൂടെയും വികസിപ്പിച്ചെടുത്ത വിജ്ഞാനമാണ് അദ്ദേഹത്തിനുള്ളത്.

കുറേ വർഷം മുമ്പാണ് അനർഘനിധിപോലെ താൻ സൂക്ഷിച്ചിരുന്ന ജ്യോതിശാസ്ത്ര സംബന്ധിയായ അപൂർവ ഗ്രന്ഥങ്ങൾ, അവയുടെ മൂല്യമറിയാതെ മക്കളിലാരോ എടുത്ത് തൂക്കിവിറ്റതറിഞ്ഞപ്പോൾ അബ്ദുല്ല തകർന്നുപോയി. ആദ്യഭാര്യയുടെ മരണത്തെ തുടർന്ന് പഠന കാര്യങ്ങളിലൊന്നും ശ്രദ്ധയില്ലാതെ ഒരുതരം വിരക്ത ജീവിതം നയിച്ചിരുന്ന കാലമായിരുന്നു അത്. പിന്നീട് നോക്കിയപ്പോഴാണ് ഗ്രന്ഥനഷ്ടത്തെക്കുറിച്ചറിയാൻ കഴിഞ്ഞത്. വിലപ്പെട്ട പല പുസ്തകങ്ങളും അങ്ങനെ നഷ്ടപ്പെട്ടുപോയി.

അഞ്ചു മക്കളും വിവാഹിതരായി, അവർക്ക് സ്വന്തം കുടുംബങ്ങളായി. അവരിലാരിലും തന്റെ ശാസ്ത്രൗത്സുക്യം ഇല്ലാതെ പോയതിലാണ് അബ്ദുല്ലയുടെ വ്യസനം. പക്ഷേ, ഇപ്പോഴും അദ്ദേഹം പഠിച്ചുകൊണ്ടിരിക്കുന്നു. ഭാരതീയ ജ്യോതിശാസ്ത്രത്തെക്കുറിച്ച് മനസ്സിലാക്കാനായി ഈ എഴുപത്താറാം വയസ്സിൽ, സംസ്കൃതവും പഠിച്ചു. പഞ്ചാംഗ നിർമാണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വരരുചി വാക്യം എന്ന കൃതി അദ്ഭുതകരമാണെന്നദ്ദേഹം പറയുന്നു. ഈ രംഗത്ത് ഇന്ത്യൻ പണ്ഡിതന്മാർ ആഴം കണ്ടവരാണ്.

കൊടുങ്ങല്ലൂരിൽ പെരിഞ്ഞനത്തെ വീട്ടിലിരുന്ന് ആ നക്ഷത്രകാമുകൻ തന്റെ തപസ്യ തുടരുകയാണ്.